ഖുത്ബ നമ്പര്‍
43
26-10-2012

بسم الله الرحمن الرحيم ○ نحمده ونصلی علیٰ رسوله الكريم ○ وعلیٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ്**

**ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ്** ايده الله تعالیٰ بنصره العزيز

**വിവര്‍ത്തനം: എം. നാസിര്‍ അഹ്മദ് കൊടിയത്തൂര്‍**



# വിജയത്തിന് ത്യാഗങ്ങള്‍ അനിവാര്യം

وَالسَّمَآءِ ذَاتِ الْبُرُوْجِ ﴿٢﴾ وَالْيَوْمِ الْمَوْعُوْدِ ﴿٣﴾ وَشَاهِدٍ وَّمَشْهُوْدٍ ﴿٤﴾ قُتِلَ اَصْحٰبُ الْاُخْدُوْدِ ﴿٥﴾ النَّارِ ذَاتِ الْوَقُوْدِ ﴿٦﴾
اِذْ هُمْ عَلَيْهَا قُعُوْدٌ ﴿٧﴾ وَّهُمْ عَلٰى مَا يَفْعَلُوْنَ بِالْمُؤْمِنِيْنَ شُهُوْدٌ ﴿٨﴾ وَمَا نَقَمُوْا مِنْهُمْ اِلَّآ اَنْ يُّؤْمِنُوْا بِاللّٰهِ الْعَزِيْزِ الْحَمِيْدِ ﴿٩﴾
الَّذِيْ لَهٗ مُلْكُ السَّمٰوٰتِ وَالْاَرْضِ ؕ وَاللّٰهُ عَلٰى كُلِّ شَيْءٍ شَهِيْدٌ ﴿١٠﴾ اِنَّ الَّذِيْنَ فَتَنُوا الْمُؤْمِنِيْنَ وَالْمُؤْمِنٰتِ ثُمَّ لَمْ
يَتُوْبُوْا فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ الْحَرِيْقِ ﴿١١﴾ اِنَّ الَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ لَهُمْ جَنّٰتٌ تَجْرِيْ مِنْ
تَحْتِهَا الْاَنْهٰرُ ؕ ذٰلِكَ الْفَوْزُ الْكَبِيْرُ ﴿١٢﴾

ഈ ആയത്തുകളുടെ അര്‍ത്ഥം ഇപ്രകാരമാണ്. രാശികളുള്ള ആകാശത്തെ കൊണ്ട് സത്യം. വാഗ്ദത്തം ചെയ്യപ്പെട്ട നാളിനെകൊണ്ടും സത്യം. സാക്ഷിയെ കൊണ്ടും, സാക്ഷ്യം വഹിക്കുന്ന ആളെ കൊണ്ടും സത്യം. കിടങ്ങിന്റെ ഉടമസ്ഥര്‍ അഥവാ വിറകിട്ട് കത്തിക്കപ്പെട്ട അഗ്നിയുടെ ഉടമസ്ഥര്‍ നശിക്കട്ടെ. സത്യവിശ്വാസികളോട് അവര്‍ ചെയ്തുകൊണ്ടിരിക്കുന്ന ചെയ്തികള്‍ക്ക് സാക്ഷികളായും കൊണ്ട് അവര്‍ അതിനരികെ ഇരിക്കുകയായിരുന്നപ്പോള്‍. പ്രതാപവാനും സ്തുത്യര്‍ഹനുമായ അല്ലാഹുവില്‍ അവര്‍ വിശ്വസിക്കുന്നുവെന്നതിനല്ലാതെ അവര്‍ അവരെ വെറുത്തിരുന്നില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഉള്ളവനത്രെ അവന്‍. അല്ലാഹു സകല കാര്യത്തിനും സാക്ഷിയാകുന്നു. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവര്‍ക്ക് നരകശിക്ഷയുണ്ടാകും. എരിച്ചു കളയുന്ന ശിക്ഷയാണ് അവര്‍ക്കുണ്ടാകുക. സത്യത്തില്‍ വിശ്വസിക്കുകയും സല്‍കര്‍മ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരാകട്ടെ, അവര്‍ക്ക് താഴ്‌വാരത്തുകൂടെ അരുവികളൊഴുകുന്ന ആരാമങ്ങള്‍ ലഭിക്കുന്നതാണ്. അതത്രെ മഹത്തായ വിജയം. (സൂറത്തുല്‍ ബുറൂജ് 2-12)

സൂറത്തുല്‍ ബുറൂജിലെ ആയത്തുകളാണിവ. ഇതില്‍ ഇസ്ലാമിന്റെ യഥാര്‍ത്ഥ അധ്യാപനങ്ങള്‍ എല്ലാ കാലത്തും നിലനില്‍ക്കുന്നതാണെന്ന് പറയുന്നതോടൊപ്പം ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനായി വാഗ്ദത്ത മസീഹിന്റെ ആഗമനത്തെക്കുറിച്ചും വാഗ്ദത്ത മസീഹിനെയും അദ്ദേഹത്തിന്റെ ജമാഅത്തിനെയും ശത്രുക്കളെയും എതിരാളികളെയും കുറിച്ച് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ജമാഅത്തംഗങ്ങളെ ത്യാഗത്തിന് തയ്യാറാക്കിയിരിക്കുകയും ചെയ്തിരിക്കുന്നു. ജമാഅത്തംഗങ്ങള്‍ പ്രയാസങ്ങള്‍ സഹിക്കാന്‍ തയ്യാറാകണമെന്നും ഒരു ദീര്‍ഘകാലം വരെ ഇങ്ങനെയുള്ള പ്രയാസങ്ങള്‍ ഉണ്ടാകുമെന്നും അതിനെ നേരിടാന്‍ സജ്ജരാകണമെന്നും ഇതില്‍ ഉണര്‍ത്തുന്നു. എന്നാല്‍ ഇതെല്ലാം കണ്ടുകൊണ്ട് അല്ലാഹു മിണ്ടാതിരിക്കില്ല. മറിച്ച് ഒരു കാലം വരും. അന്ന് വിശ്വാസികളെ പീഡിപ്പിക്കുന്നവര്‍ നരകത്തിന്റെ ശിക്ഷ അനുഭവിക്കുന്നതായിരിക്കും. ഏതൊരഗ്നിയില്‍ അഹ്മദികളെ തള്ളിവിടാനും ഏതൊരഗ്നി അഹ്മദികള്‍ക്കെതിരെ കത്തിക്കുവാനും ഇവര്‍ ശ്രമിച്ചുവോ അതിനേക്കാളും ശക്തമായ അഗ്നിയില്‍ ഇവര്‍ വെന്തെരിയുന്നതാണ്. അഹ്മദികള്‍ക്ക് വേണ്ടി, വിശ്വാസികള്‍ക്കും വിശ്വാസിനികള്‍ക്കും വേണ്ടി സ്വര്‍ഗങ്ങള്‍ ലഭിക്കുന്നതാണ്. വിജയങ്ങള്‍ അവര്‍ക്ക് വന്നു ചേരുന്നതാണ്. ജമാഅത്തിന്, ജമാഅത്ത് എന്ന നിലയില്‍ ഈ ലോകത്തും വിജയത്തിന്റെ സുവാര്‍ത്ത ഇതില്‍ അടങ്ങിയിട്ടുണ്ട്. ഓരോ വിശ്വാസിക്കും സ്വര്‍ഗത്തിലെ വിജയശ്രീലാളിതമായ ജീവിതത്തെക്കുറിച്ചുള്ള സന്തോഷവാര്‍ത്തയും ഇതില്‍ ഉള്‍പ്പെടുന്നു.

ഈ ആയത്തുകളില്‍ അടങ്ങിയിരിക്കുന്ന വിഷയങ്ങളുടെ സാരമാണിത്. നാം ഈ ആയത്തുകളെ കുറിച്ച് കൂലങ്കഷമായി ചിന്തിച്ചു നോക്കുമ്പോള്‍ അതിന്റെ വിശദീകരണത്തിലേക്കും ഇന്നുള്ള ജമാഅത്തിന്റെ അവസ്ഥയും പരിഗണിക്കുമ്പോള്‍ വിശുദ്ധ ഖുര്‍ആന്റെ സത്യസാക്ഷ്യത്തില്‍ ദൃഢവിശ്വാസം വര്‍ദ്ധിക്കുന്നതോടൊപ്പം തിരുനബി(സ)യുടെ സത്യസാക്ഷ്യത്തില്‍ വിശ്വാസം അധികരിക്കുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വര്‍ദ്ധനവ് വരികയും ചെയ്യുന്നു. അവന്‍ 1500 വര്‍ഷങ്ങള്‍ക്ക് മുമ്പ് ഒരു കാര്യത്തെക്കുറിച്ച് പ്രവചനം നടത്തുകയും അതിന്റെ യഥാര്‍ത്ഥ ചിത്രം വരച്ച് കാണി

ക്കുകയും ചെയ്തു. അതെല്ലാം അതേപോലെ പൂർത്തിയാകുന്നത് കാണുകയും ചെയ്യുന്നു. ഇസ്‌ലാം എല്ലാ കാലത്തും പച്ചപ്പുള്ളതായി നിലനിൽക്കുന്നതാണ്. അത് കുറഞ്ഞ പ്രദേശത്തും ദേശവാസികളിലും ആണെങ്കിലും ശരി.

ഇവിടെ ഇസ്‌ലാം നിലനിൽക്കുമെന്ന് സമാശ്വസിപ്പിക്കുന്നു. അത് അതേപോലെതന്നെ പുലരുകയും ചെയ്യുന്നു. അതോടൊപ്പം ഒരു വാഗ്ദത്ത പുരുഷന്റെ ആഗമനത്തെക്കുറിച്ച് സുവാർത്ത നൽകുന്നു. അദ്ദേഹം തിരുനബി(സ)യുടെ സന്ദേശം പരിമിതമായ ജനങ്ങളിലോ സ്ഥലങ്ങളിലോ മാത്രം ഒതുക്കി നിർത്താതെ – കാരണം മുമ്പുള്ള മുജദ്ദിദുമാരുടെ കാലത്ത് അങ്ങിനെയായിരുന്നു– മറിച്ച് അദ്ദേഹം ലോകം മുഴുവനും എല്ലാ സമുദായങ്ങൾക്കിടയിലും ആ സന്ദേശത്തെ വ്യാപിപ്പിച്ചുകൊണ്ട് തിരുനബി(സ)യുടെ സത്യസാക്ഷ്യത്തിന്റെ തിളക്കം ലോകത്ത് കാണിച്ചുകൊടുക്കുന്നതാണ്. ഈ പ്രവചനവും പ്രസ്തുത ആയത്തുകളിൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഈ സന്ദേശം പ്രചരിപ്പിക്കുന്നതിനായി ലോകത്തിലെ എല്ലാ രാജ്യത്തും ഒരു ജമാഅത്ത് സ്ഥാപിച്ചു കൊണ്ട് قُلْ يَآيُّهَا النَّاسُ اِنِّيْ رَسُوْلُ اللّٰهِ اِلَيْكُمْ جَمِيْعًا എന്ന തിരുനബി(സ)യെകുറിച്ചുള്ള അല്ലാഹുവിന്റെ വചനത്തിൽ അടങ്ങിയിരിക്കുന്ന ആത്മജ്ഞാനം ജമാഅത്തിന് ഈ ശാഹിദ്, വാഗ്ദത്ത മസീഹ് നൽകുകയുണ്ടായി. അതുകൊണ്ട് ഇതെല്ലാം തന്നെ വാഗ്ദത്ത മസീഹിന്റെയും ജമാഅത്തിന്റെയും സത്യസാക്ഷ്യം പകൽ വെളിച്ചം പോലെ പ്രഭാപൂരിതമാക്കുന്നുണ്ട്.

മസീഹ് മൗഊദിന്റെ ജമാഅത്തിൽ ഉൾപ്പെട്ട നാം ഭാഗ്യവാന്മാരാണ്. ആ മഹാത്മാവ് വന്നത് മഹാനായ മശ്ഹൂദിന്റെ (സാക്ഷ്യം നൽകപ്പെടുന്ന വ്യക്തിയുടെ) സത്യത്തെ ലോകത്ത് തെളിയിച്ചു കാട്ടാനും തിരുനബി(സ)യുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനുമാണ്. തിരുനബി(സ)യുടെ സത്യസാക്ഷ്യം ലോകത്ത് പ്രകാശിപ്പിക്കാൻ അല്ലാഹു അദ്ദേഹത്തെ തന്റെ ഫള്‌ലിനാൽ അയച്ചതാണ്. തന്റെ വാഗ്ദാനപ്രകാരമാണ് അയച്ചത്. വിശുദ്ധഖുർആന്റെ മനോഹര അദ്ധ്യാപനങ്ങളുടെ സത്യസാക്ഷ്യം, അതിന്റെ ഏറ്റവും ഔന്നത്ത്യത്തിലുള്ള സ്ഥാനം എന്നിവ ലോകത്ത് സ്ഥാപിച്ചു കാണിക്കാനാണ് അല്ലാഹു അദ്ദേഹത്തെ അയച്ചത്. അദ്ദേഹം ഇസ്‌ലാമിൽ കടന്നുകൂടിയിട്ടുള്ള എല്ലാ തെറ്റായ കാര്യങ്ങളും ബിദ്അത്തുകളും അകറ്റി ഇസ്‌ലാമിന്റെ മനോഹര സന്ദേശത്തെ ലോകത്തിന്റെ സമക്ഷം സമർപ്പിക്കാനാണ് വന്നത്. ആ മഹാത്മാവ് തിരുനബി(സ)യുടെ ഉന്നത സ്ഥാന മാഹാത്മ്യങ്ങൾ ലോകത്തിന്റെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ വാദത്തിനു മുമ്പ് ഇസ്‌ലാമിന്റെ അവസ്ഥ കണ്ടുകൊണ്ട് ജനങ്ങൾ ഒരു ശാഹിദിനെ ആവശ്യപ്പെട്ടുക്കൊണ്ടിരിക്കുകയായിരുന്നു. ഇസ്‌ലാമിനോട് സ്നേഹമുള്ളവർ അസ്വസ്ഥരായിരുന്നു. അതുകൊണ്ട് ഹാലി എന്ന കവി പാടുകയുണ്ടായി. **റഹാ ദീന് ബാക്കി ന ഇസ്‌ലാമ് ബാക്കി ഇസ്‌ലാമ് കാ റഹ്ഗയാ ഇക് നാമ് ബാക്കി.** മതവും ഇസ്‌ലാമും ഇല്ലാതായിരിക്കുന്നു. ഇസ്‌ലാമിന്റെ പേരു മാത്രം അവശേഷിച്ചിരിക്കുന്നു. ഈ ഒരു വിലാപം ഒരാളുടേതു മാത്രമായിരുന്നില്ല. മറിച്ച് വിവിധ സ്ഥലങ്ങളിൽ നിന്നും വിവിധ വാക്കുകളിലൂടെ ഈ വിലാപം ഉയരുന്നുണ്ടായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) കാലം ആവശ്യപ്പെട്ടപ്പോഴാണ് വന്നത്. ഹദ്റത് മസീഹ് മൗഊദ്(അ) വാദിച്ച കാലത്തേക്ക് മാത്രമായിരുന്നില്ല ആ മഹാത്മാവിന്റെ ആവശ്യം, മറിച്ച് ഇന്നും ഒരു പരിഷ്കർത്താവിനെ, തിരുനബി(സ)യുടെ യഥാർത്ഥ പ്രേമിയെ ലോകം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. സത്പ്രകൃതരായ ഓരോരുത്തരുടെയും ശബ്ദം ആരെങ്കിലും വന്ന് മുസ്‌ലിം ഉമ്മത്തിനെ സംസ്കരിച്ചിരുന്നുവെങ്കിൽ എന്നാണ്. ഈ വർഷത്തെ ജൽസയിലെ പ്രസംഗത്തിൽ ഇതിന്റെ വിശദീകരണമായി അന്യരുടെ ഉദ്ധരണികളും ഞാൻ കേൾപ്പിച്ചിരുന്നു. അതുകൊണ്ട് അതിന്റെ വിശദീകരണത്തിലേക്ക് ഞാൻ ഇപ്പോൾ പോകുന്നതല്ല.

ചുരുക്കത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ)നെ ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായാണ് അല്ലാഹു അയച്ചത് എന്ന കാര്യം ഓരോ അഹ്മദിയും നല്ലതുപോലെ അറിയുന്നു. അഹ്മദികൾ മാത്രമല്ല, സദ്പ്രകൃതരായ അന്യരും അഹ്മദിയ്യ ജമാഅത്ത് ഒന്നു മാത്രമാണ് ഇസ്‌ലാമിനെ സേവിക്കുന്ന കർത്തവ്യം യഥാർത്ഥ അർത്ഥത്തിൽ നിർവ്വഹിക്കുന്നതെന്ന് സമ്മതിക്കുന്നു. കഴിഞ്ഞ ഖുത്ബയിൽ ഈ ഒരു കാര്യം ഞാൻ പറഞ്ഞിരുന്നു. വക്കീൽമാരുടെ സദസ്സിൽ അവർ പറഞ്ഞത് വക്കീൽമാരുടെ ഭാഗത്തുനിന്ന് ഒരുമിച്ച് വല്ലതും ചെയ്യാൻ സാധിക്കുമെങ്കിൽ അതിനെ സംഘടിപ്പിക്കാൻ അഹ്മദിയ്യാ ജമാഅത്തിന് മാത്രമേ സാധിക്കുകയുള്ളൂ എന്നാണ്. ഇതേപോലെ ഏതൊരു കാര്യമെടുത്താലും ശരി, അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന പ്രവർത്തനങ്ങളെ കണ്ടുകൊണ്ട് സദ്പ്രകൃതരായ എല്ലാവരും പറയുന്നത് ഇത് ചെയ്യാൻ ഇവർക്ക് മാത്രമേ സാധിക്കുകയുള്ളൂ എന്നാണ്. കാരണം ഇവർ സുസംഘടിത ജമാഅത്താണ്. നീതിബോധത്തോടെ ഇത് നിരീക്ഷിക്കുമ്പോൾ ഇത് സത്യമാണെന്ന് വ്യക്തമാകുന്നതുമാണ്. ഇക്കാലത്ത് തിരുനബി(സ)യുടെ സത്യത്തിന് സാക്ഷ്യം വഹിക്കുന്നത് ഹദ്റത് മസീഹ് മൗഊദ്(അ) മാത്രമാണ്. ഇതിന് ഉദാഹരണം മറ്റെവിടെയും ലഭിക്കില്ല. അദ്ദേഹം നൽകിയിരിക്കുന്ന അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവിനാൽ സ്ഥാപിതമായ ജമാഅത്താണ് തിരുനബി(സ)ക്കെതിരിൽ വരുന്ന ഓരോ കൈകളെയും തടയുന്നതിനും അസഭ്യം പുലമ്പുന്ന ഓരോ നാവിനെയും തടയുന്നതിനും വേണ്ടി ശരിയായ രീതിയിൽ പ്രതികരിക്കുന്നത്. മറ്റു മുസ്‌ലിംങ്ങളുടെ പ്രതികരണം ഏതു രീതിയിലുള്ളതാണ്? അത് ഇസ്‌ലാമിന്റെ ശത്രുശക്തികൾക്ക് ഇസ്‌ലാമിനെതിരിൽ ശബ്ദിക്കാനും വായയിൽ വരുന്നത് വിളിച്ചു പറയാനും പരിഹസിക്കാനും അവസരം നൽകുകയാണ് ചെയ്യുന്നത്. കാരണം പണ്ഢിതവർഗം ഈ രീതിയിലുള്ള ഫത്‌വകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. അവരുടെ ഫത്‌വകൾ കൊലക്കും കൊള്ളിവെപ്പിനുമുള്ള ഫത്‌വകളാണ്. സ്വന്തം നാട്ടിൽ അവരുടെ തന്നെ സ്വത്തുകളെ കത്തിക്കാനും സ്വന്തം ആളുകളെത്തന്നെ വധിക്കാനും വേണ്ടിയുള്ളതാണ്. ഇതാണ് അവരുടെ പ്രതികരണം. എന്നാൽ അഹ്മദികളുടെ പ്രതികരണം കാണുമ്പോൾ, ഇസ്‌ലാ

മിന്റെ ശരിയായ അദ്ധ്യാപനങ്ങൾ അഹ്മദികളിൽ നിന്ന് കേൾപ്പിക്കുമ്പോൾ, നീതിബോധമുള്ള, മാന്യതയുള്ള അമുസ്‌ലിംങ്ങളിൽ ചിലർ നാണിച്ചു തലതാഴ്ത്തുകയും തിരുനബി(സ)യെ പരിഹസിക്കുന്നവരെയും അസഭ്യം പറയുന്നവരെയും അപലപിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം ഒരു സ്ഥലത്ത് നിന്ന് ഒരു റിപ്പോർട്ട് വരികയുണ്ടായി. ഒരു സ്ഥലത്ത് ഒരു ഫങ്ങ്ഷൻ നടക്കുകയാണ്. റിപ്പോർട്ട് എഴുതുന്ന അഹ്മദി എഴുതുന്നു. ആ പരിപാടിയിൽ ഒരു ക്രിസ്ത്യൻ സ്ത്രി വന്ന് തിരുനബി(സ)യെ പുകഴ്ത്തിക്കൊണ്ട് സംസാരിക്കുകയുണ്ടായി. അതു കേട്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. തിരുനബി(സ)യുടെ യഥാർത്ഥ സ്ഥാന മാഹാത്മ്യത്തെ അവരുടെ തന്നെ സദസ്സുകളിൽ എത്തിക്കുന്ന ആളുകളെ അല്ലാഹു അവരിൽ നിന്ന് തന്നെ ഉണ്ടാക്കിയിരിക്കുന്നു. എല്ലായിടത്തും ഒരേ രീതിയിലുള്ള ആളുകളല്ല ഉണ്ടാവുക. നല്ലവരും ഉണ്ടാകും. മോശപ്പെട്ടവരുമുണ്ടാകും.

അതിനാൽ നമ്മുടെ പ്രതികരണം ലോകത്തിന് വ്യക്തമാക്കിക്കൊടുക്കേണ്ടതാണ്. തിരുനബി(സ)യുടെ പവിത്ര ജീവിതത്തെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു കൊണ്ടാണ് അഹ്മദികൾ പ്രതികരിക്കുന്നത്. ഇസ്‌ലാമിന്റെ മനോഹര അദ്ധ്യാപനത്തെ ലോകത്തിനു മുമ്പാകെ സമർപ്പിക്കുക. ലോകത്തിന്റെ യഥാർത്ഥ രക്ഷകൻ ഈ ഒരു പ്രവാചകനാണെന്ന് ലോകത്തോട് തുറന്നു പറയണം. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളാണ് പൂർണവും സമ്പൂർണവുമായ അദ്ധ്യാപനങ്ങളെന്ന് ലോകത്തോട് പറയേണ്ടിയിരിക്കുന്നു. അല്ലാഹുവിലേക്ക് നമ്മെ കൊണ്ടുപോകാൻ വഴികാണിച്ചു തരുന്ന അദ്ധ്യാപനം ഇതു തന്നെയാണ്. അതുകൊണ്ട് നിങ്ങൾ മോക്ഷം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ പ്രവാചകനൊപ്പവും അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾക്കൊപ്പവും പറ്റിപ്പിടിച്ച് നിൽക്കുക.

തിരുനബി(സ) കാട്ടറബികളെയും അക്ഷരജ്ഞാനമില്ലാത്ത പാമരരെയും ദൈവീക മനുഷ്യരാക്കി മാറ്റിക്കൊണ്ട് അവരെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതിനിധികളാക്കി മാറ്റിയിരുന്നു. അല്ലാഹുവിന്റെ സൃഷ്ടികൾക്കായി സ്നേഹത്തിന്റെ ദീപം അവരുടെ ഹൃദയങ്ങളിൽ തെളിയിച്ചു. ഇസ്‌ലാം ഈ ഒരു അത്ഭുത ദൃഷ്ടാന്തമാണ് കാണിച്ചത്. തിരുനബി(സ) കാണിച്ച മുഅ്ജിസത്താണിത്. ഈ മുഅ്ജിസത്ത് കാണിക്കുവാനും ഈ കാര്യങ്ങളെ പുനർജനിപ്പിക്കുവാനും നവമായ രീതിയിൽ ലോകത്തിന് പറഞ്ഞു കൊടുക്കുവാനും വേണ്ടിയാണ് തിരുനബി(സ)യുടെ യഥാർത്ഥ പ്രേമിയെ അല്ലാഹു നിയോഗിച്ചയച്ചത്. മുകളിലെ ആയത്തിൽ ശാഹിദ് എന്നാണ് ആ മഹാത്മാവിന് നൽകിയ വിശേഷണം.

അല്ലാഹു അയച്ച ശാഹിദിന്റെ വാദത്തിന് ശേഷം മുസ്‌ലിംകൾ എങ്ങനെയാണ് പ്രതികരിച്ചത് എന്ന് നമുക്ക് നോക്കാം. ഞാൻ പറഞ്ഞതുപോലെ ഈ കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവിന്റെ ആവശ്യമുണ്ടെന്ന് സമ്മതിക്കുകയും അത് ഏറ്റു പറയുകയും ചെയ്തിട്ടും ആ ശാഹിദിനെ അല്ലാഹു അയച്ചപ്പോൾ അവർ ഏതു രീതിയിലാണ് പ്രതികരിച്ചത്? അദ്ദേഹത്തിന്റെ വാദത്തിന് അവർ ഏതു രീതിയിലാണ് മറുപടി നൽകിയത്? ഇങ്ങനെ തന്നെയാണ് വേണ്ടിയിരുന്നത്. കാരണം അദ്ദേഹത്തെ നിഷേധിക്കുമെന്ന് മുകളിലെ ആയത്തിൽ നിന്നും മനസ്സിലാകുന്നുണ്ട്. ഈ ആയത്തുകളിൽ എതിർപ്പിന്റെ രൂപരേഖയാണ് അല്ലാഹു വരച്ച് കാണിച്ചത്.

തിരുനബി(സ)യുടെ സത്യതയെ യഥാർത്ഥ രീതിയിൽ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനായി, വിശുദ്ധഖുർആന്റെ മനോഹര അദ്ധ്യാപനങ്ങളെ ലോകത്തിനു മുമ്പിൽ വിളംബരപ്പെടുത്തുന്നതിന്നായി, അല്ലാഹു വാഗ്ദത്ത മസീഹിനെ അയക്കുന്നതാണെന്നും അദ്ദേഹം വന്നാൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനും അതിഭീകരമായ എതിർപ്പുകളെ നേരിടേണ്ടിവരുന്നതാണെന്നും പ്രവചനമുണ്ട്. ഇസ്‌ലാമിന്റെ നാമം മാത്രമേ അവശേഷിക്കുന്നുള്ളൂ എന്ന് പറഞ്ഞ് വിലപിച്ചവരിൽ പലരും, ഇസ്‌ലാം അവസാനിച്ചിരിക്കുന്നു എന്നോർത്ത് സന്തുഷ്ടരായിരുന്ന ഇസ്‌ലാമിന്റെ എതിരാളികളും ഈ ശാഹിദ് വന്നു കഴിഞ്ഞാൽ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും അങ്ങനെ അവരിൽ ഭൂരിഭാഗവും തീ ആളിക്കത്തിക്കുകയും ചെയ്തു. വിശ്വാസികളെ അഗ്നിയിലേക്ക് വലിച്ചെറിയാൻ അവർ ശ്രമിച്ചു.

ഒരു ഭാഗത്ത് മുസ്‌ലിങ്ങളുടെ അവസ്ഥയോർത്ത് ഇവർ കരയുന്നു. ഇപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ മറുഭാഗത്ത് അല്ലാഹു അയച്ച വ്യക്തിയെ എതിർക്കുന്നതിൽ സീമകളെ അതിലംഘിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു: ജനങ്ങൾ കത്തിക്കുന്ന ഈ എതിർപ്പിന്റെ അഗ്നി കാരണത്താൽ അവരിൽ ശാപം ഇറങ്ങുന്നതാണ്. അവർ നശിപ്പിക്കപ്പെടുന്നതാണ്. എന്നാൽ വിശ്വാസികൾ ഈ വാഗ്ദാനത്തിൽ സന്തോഷിച്ചാൽ മാത്രം പോരാ. അവർക്ക് എന്തുതന്നെയായാലും ത്യാഗങ്ങൾ സമർപ്പിക്കേണ്ടതായി വരും. ഈ ത്യാഗങ്ങൾ താത്കാലികമായിരിക്കില്ല. കുറച്ച് സമയത്തേക്ക് മാത്രമായിരിക്കില്ല. മറിച്ച് സമയാസമയങ്ങളിൽ ഈ എതിർപ്പിന്റെ അഗ്നി കത്തിച്ചുകൊണ്ടിരിക്കുന്നതാണ്. അഹ്മദികൾക്കെതിരിൽ അക്രമവും മർദ്ദനവും ചെയ്തു കൊണ്ടേയിരിക്കുന്നതാണ്. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പുരോഗതി ഈ ത്യാഗത്തിനും കഠിന നാളുകൾക്കും ശേഷമായിരിക്കും ലഭിക്കുക. ഇങ്ങനെയുള്ള അക്രമങ്ങൾക്ക് ശേഷമായിരിക്കും പുരോഗതി കൈ വരിക്കുക.

ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ വിവിധ ഗ്രന്ഥങ്ങളിലും നിർദ്ദേശങ്ങളിലും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതുകൊണ്ട് അഹ്മദിയ്യത്തിന്റെ എതിർപ്പും അഹ്മദികൾക്ക് വരുത്തിവെക്കുന്ന സാമ്പത്തിക നഷ്ടവും ജീവൽ നഷ്ടവും അഹ്മദികളെ ബോയ്ക്കോട്ട് ചെയ്യുന്നതും- ഇത് ചില നാടുകളിലുണ്ട്, പാകിസ്ഥാനിൽ ഇപ്പോൾ സീമകളെ ലംഘിച്ചുക്കൊണ്ടിരിക്കുകയാണ്- അഹ്മദി കുട്ടികൾ പോകുമ്പോൾ അങ്ങാടികളിലും തെരുവുകളിലും നിന്നുകൊണ്ട് അവരെ പരിഹസിക്കുന്നതും കളിയാകുന്നതും, അതേപോലെ അദ്ധ്യാപകന്മാരിൽ നിന്നും കുട്ടികളിൽ നിന്നും എല്ലാം ഈ രീതിയിൽ അപഹാസ്യങ്ങൾ സഹിക്കേണ്ടി വരുന്നതും, വിജ്ഞാനമേഖലയിലും അഹ്മദികളെ തകർക്കാനുള്ള ശ്രമ

ങ്ങളും, നമ്മുടെ നല്ല കഴിവും പ്രാപ്തിയുമുള്ള കുട്ടികളെ പ്രയാസപ്പെടുത്തുന്നതും അവരെ ഹോസ്റ്റലുകളിൽ നിന്ന് പുറത്താക്കാനുള്ള നീച ശ്രമങ്ങളും എല്ലാം ഉണ്ടാകുമെന്ന് അല്ലാഹു നേരത്തെ പറഞ്ഞിട്ടുള്ളതാണ്. വിവിധ രീതിയിലുള്ള അഗ്നിയായിരിക്കും ഇവർ കത്തിക്കുന്നത്. അങ്ങിനെയുള്ള അഗ്നികുണ്ഡത്തിൽ വലിച്ചെറിയാൻ ഇവർ ശ്രമിക്കുന്നതാണ്. ഇതുപോലെ ബാഹ്യമായ അഗ്നിയിലും ജമാഅത്തംഗങ്ങളെ തള്ളിവിടാൻ ശ്രമിക്കുന്നതാണ്.

1973 ൽ പാകിസ്ഥാനിൽ ജമാഅത്തിനെതിരെ കുഴപ്പമുണ്ടാക്കിയപ്പോൾ അന്ന് അഹമദി വീടുകളെ അഗ്നിക്കിരയാക്കിയിരുന്നു. അഹ്മദികളെ വീടുകളിൽ ജീവനോടെ കത്തിക്കാൻ ശ്രമിച്ചിരുന്നു. പോലീസ് കയ്യുംകെട്ടി ഈ തമാശ കാണുന്നുണ്ടായിരുന്നു. എന്നാൽ മറ്റുതരത്തിലുള്ള അഗ്നിയും ഇതിൽ ഉൾപ്പെടുന്നതാണ്. ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനായി വരുന്ന വാഗ്ദത്ത പുരുഷനോടും അദ്ദേഹത്തെ അംഗീകരിച്ചവരോടും അതി നീചമായ അക്രമങ്ങൾ നടക്കുന്നതാണെന്ന് തിരുനബി (സ) ക്ക് അല്ലാഹു മുമ്പേ പറഞ്ഞു കൊടുത്തിരുന്ന കാര്യമാണ്. ഈ അക്രമങ്ങൾ മുസ്ലീംകളുടെ ഭാഗത്ത് നിന്നും ഉണ്ടാകും. ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത് മുസ്ലീംകളുടെ ഭിന്നത രൂക്ഷമാകുമ്പോൾ അല്ലാഹു തിരുനബി (സ) യോട് ഇതിനെ കുറിച്ച് ചോദിക്കുന്നതാണ്. അപ്പോൾ തിരുനബി (സ) പറയുന്നത് ഞാൻ അവരിൽ ഉണ്ടായിരുന്ന കാലമത്രയും അവരുടെ മേൽനോട്ടക്കാരനായിരുന്നു. അതിനു ശേഷമാണ് ഇവർ വഴി തെറ്റിയത്. അത് നീയാണ് ശരിക്കും അറിയുന്നത്. ഹ : ഈസ (അ) നൽകിയ അതെ മറുപടിയായിരിക്കും നൽകുക. ഈ ശൈഥില്യത്തെ ശരിയാക്കുന്നതിനായി അല്ലാഹു തന്റെ വാഗ്ദാന പ്രകാരം ഏതൊരു മസീഹ് മൗഊദിനെയാണോ അയക്കുന്നത് അദ്ദേഹത്തിനെതിരിലും ഇവർ തീ ആളികത്തിക്കുന്നതാണ്. കത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതായിരുന്നാലും ഈ എതിർപ്പുകൾ നേരിടാൻ ഹ : മസീഹ് മൗഊദ് (അ) നമ്മെ സജ്ജരാക്കുകയുണ്ടായി. വിവിധ സ്ഥലങ്ങളിൽ ഇതു സംബന്ധമായി പരാമർശിച്ചിട്ടുണ്ട്.

ആപത്തുകളുടെയും പ്രയാസങ്ങളുടെയും കഠിന നാളുകൾ വരുന്നതാണെന്ന് മുന്നറിയിപ്പ് നൽകുകയും അവയെ ക്ഷമയോടെ നേരിടുകയും ചെയ്യണമെന്ന് നമ്മേ ഉപദേശിച്ചിട്ടുണ്ട്. ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: ആരാണോ അവസാനം വരെ ക്ഷമ കൈകൊള്ളുന്നത്, അവരിൽ പ്രയാസങ്ങളുടെ ഭൂകമ്പങ്ങൾ തന്നെ വന്നാലും, അപകടങ്ങളുടെ കൊടുങ്കാറ്റ് തന്നെ അവരിൽ ആഞ്ഞടിച്ചാലും, സമൂഹങ്ങൾ പരിഹസിക്കുകയും കളിയാക്കി ചിരിക്കുകയും ചെയ്താലും, ലോകം വളരെ വെറുപ്പോടു കൂടി സമീപിച്ചാലും അവസാനം വിജയിക്കുന്നവർ അവരായിരിക്കും. അനുഗ്രഹത്തിന്റെ കവാടങ്ങൾ അവർക്കായി തുറക്കപ്പെടുന്നതാണ്. പറയുന്നു: അല്ലാഹു എന്നെ സംബോധനം ചെയ്തു കൊണ്ട് പറഞ്ഞു. നീ നിന്റെ ജമാഅത്തിനെ ഇപ്രകാരം അറിയിക്കുക. ഭൗതികതയുടെ ലാഞ്ചനയില്ലാത്ത വിശ്വാസം ഉൾകൊണ്ടവർ, കാപട്യത്തിൽ നിന്നും ഭീരുത്വത്തിൽ നിന്നും സ്വതന്ത്രമായ വിശ്വാസം സ്വീകരിച്ചവർ, അനുസരണത്തിന്റെ എല്ലാ മേഖലകളും സ്വായത്തമാക്കിയിട്ടുള്ള വിശ്വാസം ഉൾക്കൊണ്ടവർ, അങ്ങനെയുള്ളവരാണ് അല്ലാഹുവിന്റെ പ്രിയപ്പെട്ടവർ. അല്ലാഹു പറയുന്നു: അവരുടെ പാദങ്ങളാണ് സത്യത്തിൽ അടിയുറച്ച് നിൽക്കുന്നത്.

ഫത്ഹെ ഇസ്ലാം എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: സത്യം വിജയിക്കും. ഇസ്ലാമിന് മുമ്പുണ്ടായിരുന്ന ആ പ്രഭാവത്തിന്റെയും ഉണർവ്വിന്റെയും കാലം വീണ്ടും വരുന്നതാണ്. ആ പ്രഭാകരൻ മുമ്പ് ഉദിച്ചുയർന്നതു പോലെ പരിപൂർണ മഹത്വത്തോടെ വീണ്ടും ഉദിച്ചുയരുന്നതാണ്. എന്നാൽ ഇപ്പോൾ അങ്ങിനെയല്ല ഉള്ളത്. കഠിനാധ്വാനത്തോടും കഠിന പ്രയത്നത്തോടു കൂടി നാം പരിശ്രമിക്കുന്നത് വരെ ആകാശം അത് ഉദിച്ചുയരുന്നതിൽ നിന്നും തടയേണ്ടതു തന്നെയായിരുന്നു. അതിന്റെ ഉയർത്തെഴുന്നേൽപ്പിന് വേണ്ടി നമ്മുടെ സുഖങ്ങളെയെല്ലാം നാം വിനിയോഗിക്കേണ്ടതാണ്. (ഭീകരതയുടെ നളുകളിലൂടെ കടന്നു പോകുന്നവർക്ക് മാത്രമാണ് ഇത് ബാധകമെന്ന് കരുതരുത്. അല്ലാത്തവരും കഠിനാധ്വാനം ചെയ്യേണ്ടതാണ്. അവർ ദുആയിലും ആരാധനയിലും ഒരു പ്രത്യേക അവസ്ഥ സംജാതമാക്കേണ്ടതാണ്. തങ്ങളുടെ നമസ്ക്കാരങ്ങളിലും തങ്ങളുടെ തഹജ്ജുദുകളിലും ഒരു പ്രത്യേക അവസ്ഥ സംജാതമാക്കുക.)

ആ മഹാത്മാവ് പറയുന്നു: ഇസ്ലാമിന്റെ അഭിമാന സംരക്ഷണത്തിനായി എല്ലാ നിന്ദ്യതയും സ്വീകരിക്കാത്തതുവരെ ഇത് സംഭവിക്കുന്നതല്ല. ഇസ്ലാമിന്റെ ജീവൻ നമ്മിൽ നിന്നും ഒരു ഫിദ്‌യ ആവശ്യപ്പെടുന്നു. അതെന്താണ്? ഇതേ മാർഗത്തിലുള്ള നമ്മുടെ മരണം. ഈ ഒരു മരണത്തിലാണ് ഇസ്ലാമിന്റെ ജീവനും, മുസ്ലീംകളുടെ ജീവനും, സജീവനായ ദൈവത്തിന്റെ ശക്തിപ്രകടനവും നിലനിൽക്കുന്നത്.

അത്കൊണ്ട് അന്തിമ വിജയം നമ്മുടേതാണ്. ഇസ്ലാമിന്റെ വിജയം തീർച്ചയായും ഹ:മസീഹ് മൗഊദ് (അ) മായും അദ്ദേഹത്തിന്റെ ജമാഅത്തുമായും ബന്ധപ്പെട്ടു നിൽക്കുന്നു. എന്നാൽ ഇതിന്നായി നമുക്ക് പരിശ്രമിക്കേണ്ടിയിരിക്കുന്നു. വിശ്വാസസംരക്ഷണത്തിനായി അഗ്നിയിൽ വെന്തെരി യാൻ തയ്യാറായിരിക്കുക എന്ന് ഈ അധ്യായത്തിൽ അല്ലാഹു നമ്മോട് പറയുന്നു. എതിർപ്പിന്റെ ഒരു രൂപരേഖയാണ് ഇവിടെ തരുന്നത്. അഹ്മദികൾക്കെതിരിൽ പാകിസ്ഥാനിൽ സമയാസമയങ്ങളിൽ എതിർപ്പിന്റെ ഈ അഗ്നി കത്തിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി ഇതിൽ വളരെ ശക്തി കൈ വന്നിരിക്കുകയാണ്. ഇതിന് മുമ്പ് ഇതുപോലുള്ളത് കാണാൻ സാധിക്കില്ല. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പാകിസ്ഥാനിൽ ജമാഅത്ത് നൽകിയിരിക്കുന്ന ജീവിതങ്ങൾ ഇതിന് മുമ്പ് ഇത്ര നൽകിയിട്ടില്ല. ഈ ഖുർബാനികൾ ഒരിക്കലും പഴായിപോകുന്നതല്ല. ഇത് വിജയങ്ങൾ കാണിക്കാനുള്ളതാണ്. അല്ലാഹു ഈ വിജയങ്ങൾ ഉണ്ടാകുമെന്ന് പറഞ്ഞ് ആശ്വാസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചരിത്രവും ഇതിന് സാക്ഷിയാണ്. ഈ വിധ ത്യാഗങ്ങൾക്ക് ശേഷമേ വിജയങ്ങൾ ലഭിച്ചിട്ടുള്ളൂ.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു. തിരു സഹാബത്തിന്റെ കാലഘട്ടത്തെ കുറിച്ചൊന്ന് ചിന്തിക്കുക. അവർ ദീനിന് വേണ്ടി എന്തെന്തെല്ലാം പ്രയാസങ്ങളാണ് സഹിച്ചത്. എന്തെ

ല്ലാം ദു:ഖങ്ങളിലാണ് അവർ അകപ്പെട്ടത്. പകലോ, രാത്രിയോ അവർ വിശ്രമിച്ചില്ല. അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാ പ്രയാസങ്ങളെയും അവർ സഹിച്ചു. ജീവൻ പോലും അവർ ത്യജിക്കുകയുണ്ടായി.

അത്കൊണ്ട് ഹ : മസീഹ് മൗഊദ് (അ) ന്റെ ഈ വാക്കുകളും തന്റെ ജമാഅത്തിൽ നിന്നും ത്യാഗങ്ങളുടെ പ്രതീക്ഷകളും ഇന്നും ജമാഅത്ത് ശരിക്കും മനസിലാക്കിയിരിക്കുന്നു. അത് അവർ ഓർക്കുന്നു. സന്തോഷത്തോടെ തങ്ങളുടെ ജീവൻ അവർ സമർപ്പിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്രയോ ജീവനുകളാണ് ജമാഅത്ത് സമർപ്പിച്ചത്. എനിക്ക് ആരോ എഴുതി; കഴിഞ്ഞ ദിവസങ്ങളിൽ കറാച്ചിയിൽ നടന്ന ശഹാദത്തിൽ അനുശോചനമറിയിക്കാൻ ഫോൺ ചെയ്തപ്പോൾ അവരുടെ അടുത്ത ബന്ധുക്കളിൽപ്പെട്ട ഒരു സ്ത്രീ എനിക്കെഴുതി. മാതാവോ സഹോദരിയോ ആയിരിക്കും. അവർ മറുപടി പറഞ്ഞത് നിങ്ങൾ ഞങ്ങളെ അനുമോദിക്കുകയാണ് ചെയ്യേണ്ടത്. കാരണം ഈ വീടിനും ശഹാദത്തിന്റെ പദവി ലഭിച്ചിരിക്കുകയാണ്.

അത് കൊണ്ട് ലാഹോറിലെ ശഹാദത്തുകളായാലും മണ്ഡി ബഹാവുദ്ദീനിലെ ശഹാദത്തുകളായാലും ഘട്ടിയാനിലേതായലും, കറാച്ചിയിലേതായാലും, ത്യാഗത്തിന്റെ ഈ ആത്മാവ് എല്ലായിടത്തും എല്ലാ അഹ്മദികളിലും നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇതിലാണ് തങ്ങളുടെ വിജയമുള്ളതെന്ന് അഹ്മദികൾക്കറിയാം. അത്കൊണ്ട് അഹ്മദിയ്യത്തിന്റെ ശത്രുക്കളെ ! ലാഹോറിൽ ഡസൻ കണക്കിന് ശഹാദത്തുകൾ നടത്തിയതിന് ശേഷവും നിങ്ങൾക്ക് ഒരഹ്മദിയെ പോലും അവരുടെ വിശ്വാസത്തിൽ നിന്നും അകറ്റാൻ സാധിച്ചിട്ടില്ല. അഹ്മദികളുടെ വിശ്വാസത്തിന് ഭംഗം വരുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കറാച്ചിയിലെ അഹ്മദികളെയും ഇളക്കാൻ നിങ്ങൾക്ക് സാധിച്ചില്ല. ഇവരുടെ വിശ്വാസത്തിൽ ഒരു കുറവും വരുത്തുവാൻ നിങ്ങൾക്ക് സാധിച്ചില്ല. ഇൻശാ അല്ലാഹ് ഇന്ന് അഹ്മദികൾ യഥാർത്ഥ അർത്ഥത്തിൽ ഈ ത്യാഗത്തിന്റെ ആത്മാവിനെ മനസ്സിലാക്കുന്നു. മനസിലാക്കികൊണ്ടിരിക്കുന്നതാണ്. ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായി ഏല്ലാതരം ത്യാഗങ്ങളും നൽകേണ്ടിവരും എന്നവർക്കറിയാം.

കറാച്ചിയിൽ കഴിഞ്ഞ നാളുകളിൽ ഒരാഴ്ച്ചക്കകം മൂന്ന് ശഹാദത്തുകൾ നടക്കുകയുണ്ടായി. ചിലർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഖുത്ബയിൽ അതിനെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. അതിൽ ഒരാളുടെ നില അതീവ ഗുരുതരമാണ്. ഞാൻ പറഞ്ഞതു പോലെ ഇവരുടെ ബന്ധുക്കളുടെ വിശ്വാസത്തെ ഇവർക്ക് പോറലേൽപ്പിക്കാൻ സാധിച്ചിട്ടില്ല. സത്രീകളുടെ ഒരു സംഭവം ഞാൻ കേൾപ്പിക്കുകയുണ്ടായി. ശത്രുക്കൾ അവരുടെ പൂർണ്ണ കഴിവും പ്രയോഗിക്കാറുണ്ട്. അവർ തീ കത്തിക്കുന്നു. അതിന്റെ സംരക്ഷണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.“**ഇദ്ഹും അലൈഹാ ഖുഊദ്**” ഇങ്ങനെയുള്ള അവസ്ഥ അവർ സംജാതമാക്കുന്നുണ്ട്. അഹ്മദികളെ കഷ്ടപ്പെടുത്തുന്നതും അവരെ അഗ്നിക്കിരയാക്കുന്നതുമെല്ലാം എന്തുമാത്രം വിജയിക്കുന്നുണ്ടെന്നത് അവർ നോക്കിപ്പാർക്കുകയാണ്. അതിന് ചുറ്റും ഇരിക്കുകയാണ് അവർ. എതിരാളികൾ ഈ അക്രമണത്തിന് മേൽനോട്ടം വഹിക്കുന്നതിനുള്ള ഒരു ഉദാഹരണം നമ്മുടെ മുമ്പാകെ വന്നത് ഇപ്രകാരമാണ്. ഒരു കുടുംബത്തിലെ അംഗങ്ങളെ ശഹീദാക്കിയതിന് ശേഷം, കറാച്ചിയിലെ സംഭവമാണ്, പരിക്കേറ്റവർക്ക് ചികിത്സ നൽകരുത് എന്ന് പറഞ്ഞുകൊണ്ട് ഹോസ്പിറ്റൽ അധികാരികളിൽ സമ്മർദം ചെലുത്താൻ ഈ മുല്ലാ വർഗവും അവരുടെ ശിങ്കിടികളും ഹോസ്പിറ്റലിൽ എത്തുകയുണ്ടായി. ആദ്യം വെടിവെക്കുകയും പിന്നീട് ചികിത്സ ശരിയായ രീതിയിൽ നടത്താതിരിക്കാൻ അവരെ ചികിത്സിക്കുന്ന സ്ഥലത്ത് പോയി സമ്മർദം ഇടുകയും ചെയ്യുന്നു. അങ്ങനെ ഈ അഗ്നിക്ക് അവർ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

ഇതാണ് ഈ അക്രമികളുടെ അവസ്ഥ. എന്നാൽ ഈ അക്രമമെല്ലാം ഇവർ ചെയ്യുന്നത് കാരുണ്യത്തിന്റെ പ്രവാചകന്റെ പേരിലാണ്. ഏറ്റവും വലിയ അക്രമം എന്നത് ഇതെല്ലാം ചെയ്ത് ഇതൊക്കെ തിരുനബി (സ) യുടെ പേരിലാണ് ചെയ്യുന്നത് എന്ന് പറയുന്നതാണ്. തങ്ങളുടെ അക്രമത്തിനും മർദ്ദനത്തിനുമേൽ മറയിടാനാണ് ഇത് ചെയ്യുന്നത്. തീർച്ചയായും ഇവർ അല്ലാഹുവിന്റെ പിടിയിൽ വരുന്നതാണ്. ഇവർ പാമര ജനങ്ങളെ തങ്ങളുടെ കൂടെ കൂട്ടി, അവരുടെ വികാരങ്ങളെ ഇളക്കി വിട്ട് അഹ്മദികളെ ദീനിന്റെ പേരിൽ അക്രമണത്തിന് ഇരയാക്കുകയാണ്. ഇവർ എല്ലാം അറിഞ്ഞുകൊണ്ട് തിരുനബി (സ)യുടെ അദ്ധ്യാപനത്തിനെതിരിൽ തിരുനബി(സ) യുടെ പേരിൽ ഈ അക്രമണങ്ങളെല്ലാം അഴിച്ചു വിടുകയാണ്. അല്ലാഹു പറയുന്നു.

فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ الْحَرِيقِ അവർക്ക് നരകശിക്ഷയുണ്ടായിരിക്കും. അഗ്നിയുടെ ശിക്ഷയും ഉണ്ടായിരിക്കും. ഈ ലോകത്ത് ശിക്ഷലഭിക്കുന്നതാണ്. പരലോകത്തും ശിക്ഷ ലഭിക്കുന്നതാണ്. അത്കൊണ്ട് ഇവർ തൗബ ചെയ്യുന്നില്ലെങ്കിൽ, കാരണം അല്ലാഹു പറയുന്നു തൗബ ചെയ്യുകയാണെങ്കിൽ പൊറുക്കപ്പെട്ടേക്കാം, ഇവർ തൗബ ചെയ്യുന്നില്ലെങ്കിൽ ഇതേപോലെ തന്നെ വിശ്വാസികളെയും വിശ്വാസിനികളെയും അക്രമിക്കുകയാണെങ്കിൽ ഈ ലോകത്തും മരണശേഷവും ഇവർക്ക് ശിക്ഷ സുനിശ്ചിതമാണ്. ഇതാണ് അല്ലാഹു പറയുന്നത്.

വിശ്വാസികൾക്ക് സ്വർഗമുണ്ട്. അവർ അതിൽ സന്തോഷിക്കുക. തണലേകുന്ന തോട്ടം അവർക്കുണ്ട്. അതിന്റെ താഴോരത്തുകൂടെ അരുവികൾ ഒഴുകികൊണ്ടിരിക്കുന്നതാണ്. ഈ ലോകത്ത് നാനാതരം പ്രയാസങ്ങളും നൽകിക്കൊണ്ട് നമുക്കെതിരിൽ എതിരാളികൾ തീ കത്തിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ പക്കൽ ഈ വിശ്വാസികൾക്ക് കുളിരേകുന്ന തണലുകളും ശീതള പാനീയങ്ങളും ലഭ്യമാണ്. എതിരാളികൾക്ക് എന്നെന്നും നിലനിൽക്കുന്ന അഗ്നിയാണ് ഉള്ളത്. അതിനാൽ പൊതുവിൽ ഈ എതിർപ്പുകൾ ഉള്ള സ്ഥലങ്ങളിലെല്ലാം ധീരത അഹ്മദികൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ചില സ്ഥലത്ത് അസ്വസ്ഥതകൾ ഉണ്ടെങ്കിൽ ഒരിക്കലും വ്യാകുലപ്പെടേണ്ട കാര്യമില്ല. അഹ്മദികളുടെ ത്യാഗങ്ങൾ 1500 വർഷങ്ങൾക്ക് മുമ്പേ വിശുദ്ധഖുർആൻ

അവതരിച്ചപ്പോൾ തന്നെ അല്ലാഹുവിന്റെ പക്കൽ സ്വീകരിക്കപ്പെട്ടതാണ്. അത് കൊണ്ട് ഇത് ഒരു സാധാരണ ബഹുമതിയല്ല. അതിനാൽ പാക്കിസ്ഥാനിലെ അഹ്മദികളാണെങ്കിലും ഇന്റൊനേഷ്യയിലെ അഹ്മദികളാണെങ്കിലും ഇന്ത്യയിലെ ചെറു ഗ്രാമങ്ങളിലെ അഹ്മദികളാണെങ്കിലും ഏതെങ്കിലും അറബ് നാടുകളിലെ അഹ്മദികളാണെങ്കിലും എവിടെയാണെങ്കിലും ശരി, എതിരാളികൾ കത്തിച്ചു വിട്ട എതിർപ്പിന്റെ തീ നാളങ്ങളിലൂടെ കടന്നു പോകുന്ന ഓരോരുത്തർക്കും അവരുടെ ക്ഷമയുടെയും നാനാതരം ത്യാഗങ്ങളുടെയും ഫലമായി അവരെ സ്ഥായിയായ സ്വർഗത്തിന്റെ അവകാശി മാറ്റുന്നതാണ്. പാക്കിസ്ഥാനിലെ അഹ്മദികളെ എപ്പോഴും തന്നെ നിങ്ങൾ തിരുനബി (സ) യിൽ വിശ്വാസിക്കാത്തവരാണെന്നും നഊദുബില്ലാ തിരുനബിയെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കാത്തവരാണെന്നും നിങ്ങൾ ഖത്മുനുബുവത്തിന്റെ നിഷേധികളാണെന്നും പറഞ്ഞ് എപ്പോഴും വേദനിപ്പിച്ച് കൊണ്ടിരിക്കുന്നു. കൂടാതെ സ്ഥിരമായി തിരുനബി(സ)യുടെ യഥാർത്ഥ പ്രേമിക്കെതിരിൽ അസഭ്യങ്ങൾ തൊടുത്തുവിട്ട് കൊണ്ട് അഹ്മദികളുടെ ഹൃദയത്തെ വേദനിപ്പിച്ച് കൊണ്ടിരിക്കുന്നു. രണ്ട് ദിവസം മുമ്പ് വളരെ നീചമായ ഒരു നോട്ടീസ് അനഹ്മദികൾ തയ്യാറാക്കി. അതിൽ ഹ : മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോയും പ്രസിദ്ധീകരിച്ചു. എന്നിട്ട് ഒരു വലിയ പ്രകടനം കടന്നു പോകുമ്പോൾ അതിനെ നിലത്തിടാനായി ജനങ്ങളെ നിർത്തുകയും എന്നിട്ട് അതിനെ കാലിന് താഴെ ഇട്ട് ചവിട്ടി മെതിക്കാനും പറയകയും ചെയ്തു. അങ്ങനെ ഈ ഫോട്ടോയെ ചവിട്ടിമെതിച്ച് കൊണ്ട് ഹ : മസീഹ് മൗഊദിനെ നിന്ദിക്കുകയാണെന്ന് ഇവർ കണക്കു കൂട്ടി. എന്നാൽ ഈ ഒരു പ്രവർത്തി തന്നെ നരകം ഇവരിൽ നിർബന്ധമാക്കുന്നതാണ്.

ഞാൻ പറഞ്ഞതു പോലെ കറാച്ചിയിൽ മൂന്ന് ശഹാദത്തുകൾ നടക്കുകയുണ്ടായി. അഹ്മദിയത്തിന്റെ എതിരാളികൾ ഇപ്പോൾ കറാച്ചിയെയാണ് ലക്ഷ്യം വെച്ചിരിക്കുന്നത്. ഈ ശുഹദാക്കളുടെ ജനാസ ഞാൻ നമസ്കരിപ്പിക്കുന്നതാണ്. അല്ലാഹു ഈ ശഹീദുകളുടെ പദവി ഉയർത്തുമാറാകട്ടെ. ഓരോ ശഹീദിന്റെയും ഓരോതുള്ളി ചോരയും അഹ്മദിയ്യത്തിന്റെ വിജയത്തെ ലക്ഷം മടങ്ങ്, കോടി മടങ്ങ് വർദ്ധിപ്പിക്കുന്നതായിതീരട്ടെ. ജമാഅത്തിന്റെ വിജയത്തിന് ത്യാഗങ്ങൾ അനിവാര്യമാണ്. അല്ലാഹു ഈ ത്യാഗങ്ങളെ സ്വീകരിച്ച് കൊണ്ട് വിജയത്തിന്റെ കാഴ്ചകൾ നമുക്ക് കാണിച്ച് തരട്ടെ എന്നു നാം ദുആ ചെയ്യേണ്ടതാണ്. പരിക്കേറ്റവർക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് വേഗം പരിപൂർണസുഖം നൽകുമാറാകട്ടെ.

ശുഹദാക്കളെ അനുസ്മരിക്കുകയാണ്. ആദ്യത്തെ ശഹീദ് സഅദ് ഫാറൂഖ് സാഹിബാണ്. ഫാറൂഖ് അഹ്മദ് കാഹ്ലോൻ സാഹിബിന്റെ മകനാണ്. ഒക്ടോബർ 19ന് ബൽദിയ്യ ടൗൺ കറാച്ചിയിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ശഹീദിന്റെ കുടുംബത്തിൽ മുതുമുത്തച്ചൻ മുഖേനയാണ് അഹ്മദിയത്ത് വന്നത്. ചൗധരി അല്ലാ ബക്ശ് സാഹിബ് കാഹ്ലോൻ ചെക്ക് 117 മുഗ്‌ലിയാൻ ശൈഖപൂര എന്നാണ് അദ്ദേഹത്തിന്റെ പേര്. ഇദ്ദേഹം സ്വന്തം ഗ്രാമത്തിൽ നിന്ന് കാൽനടയായി ഖാദിയാനിൽ പോയാണ് ബയ്അത്ത് ചെയ്തത്. 1962 ൽ ലയ്യയിൽ പോയി താമസിച്ചു. ജോലി സംബന്ധമായി ശഹീദിന്റെ പിതാവ് കറാച്ചിയിലേക്ക് മാറിതാമസിച്ചു. ഇവിടെ അദ്ദേഹം തന്റെ ബിസിനസ് തുടങ്ങി. ശഹീദ് 1986 ഒക്ടോബർ 5 ന് കറാച്ചിയിലാണ് ജനിച്ചത്. ഇലക്ട്രോണിക്ക് എഞ്ചിനിയറിങ്ങിൽ ബിരുദം കരസ്ഥമാക്കി. അതിന് ശേഷം ബിസിനസ് തുടങ്ങി. ഒക്ടോബർ 15 ന് മൂന്ന് നാല് ദിവസം മുമ്പാണ് ശഹീദ് മർഹൂമിന്റെ വിവാഹം നടന്നത്. 3 ദിവസത്തിന് ശേഷം ശഹീദാകുകയാണുണ്ടായത്. اِنَّا لِلّٰہِ وَ اِنَّاۤ اِلَیۡہِ رٰجِعُوۡنَ

ശഹാദത്ത് സംഭവം ഇപ്രകാരമാണ് വിവരിക്കപ്പെടുന്നത്. ഒക്ടോബർ 19 ാം തിയ്യതി വെള്ളിയാഴ്ച്ച സഅദ് ഫാറൂഖ് സാഹിബും അദ്ദേഹത്തിന്റെ പിതാവ് ഫാറൂഖ് അഹ്മദ് സാഹിബ്, കാഹ്ലോൻ സദ്ർ ഹൽഖ ബൽദിയ്യ ടൗണും കുടുംബത്തിന്റെ മറ്റു അംഗങ്ങളോടോപ്പം ജുമുആ നമസ്കാരം കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചു പോകുകയാ യിരുന്നു. സഅദ് ഫാറൂഖ് സാഹിബ് ബൈക്കിലായിരുന്നു. പിതാവ് ഫാറൂക്ക് അഹ്മദ് സാഹിബ്, ഭാര്യാപിതാവ് നുസ്റത്ത് മഹ്മൂദ് സഹിബ്, സഹോദരൻ ഹമ്മാദ് ഫാറൂഖ് സാഹിബ്, മൂത്താപ്പ മൻസൂർ സാഹിബ്, സഹോദരി ഭർത്താവ് അശ്റഫ് സാഹിബ് എന്നിവർ കാറിലുമായിരുന്നു. വീടിന് അടുത്ത് എത്തിയതെ ഉണ്ടായിരുന്നുള്ളു. സഅദ് ഫാറൂഖ് സാഹിബിനെ മുഖം മൂടികളായ രണ്ട് ബൈക്ക് യാത്രക്കാർ പിന്നിൽ നിന്ന് വെടിവെക്കുകയുണ്ടായി. ഒരു വെടി വലത് ചെവിക്ക് താഴെകൊണ്ടു അത് ഇടത് വശത്തുകൂടെ പുറത്ത് പോവുകയും ചെയ്തു. അത് കാരണം ഗുരുതരമായ പരിക്കേറ്റ് വീഴുകയുണ്ടായി. അക്രമികൾ കാർ പിന്തുടർന്ന് ഫയർ ചെയ്തു. അത് കാരണം കാറ് ഓടിച്ചിരുന്ന ശഹീദ് മർഹൂമിന്റെ പിതാവിന് അഞ്ച് വെടിയുണ്ടകൾ വന്നു തറച്ചു. രണ്ടു വെടിയുണ്ടകൾ വലത് കൈക്കും രണ്ടെണ്ണം ഇടത് കൈക്കും ഒരു വെടി അദ്ദേഹത്തിന്റെ കഴുത്തിനെ സ്പർശിച്ച് കൊണ്ട് കടന്നു പോകുകയും ചെയ്തു.

ശഹീദ് മർഹൂമിന്റെ ഇളയ സഹോദരൻ അസീസം ഹമ്മാദ് ഫാറൂഖിന് ഒരു വെടി നെറ്റിയിൽ കൊണ്ടു തലയോട്ടിയുടെ മുൻഭാഗത്ത് കണ്ണിനു പിറകിൽ തറച്ചു നിന്നു. ശഹീദ് മർഹൂമിന്റെ ഭാര്യാ പിതാവ് ചൗധരി നുസ്റത്ത് മഹ്മൂദ് സാഹിബ് അദ്ദേഹവും വണ്ടിയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു വെടിയുണ്ട കഴുത്തിലും ഒന്ന് നെഞ്ചത്തും ഒന്ന് വയറ്റിലുമാണ് കൊണ്ടത്. അദ്ദേഹത്തിന്റെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും അപകടനില തരണം ചെയ്തിട്ടില്ല. വെന്റിലേറ്ററിൽ വെച്ചിരിക്കുകയാണ്. അശ്റഫ് സാഹിബിനും പരിക്കേറ്റിട്ടുണ്ട്. മറ്റു രണ്ടു പേർ സുരക്ഷിതരായി. സംഭവം നടന്നപ്പോൾ ശഹീദിന്റെ പിതാവ് മുറിവേറ്റിട്ടും തന്റെ വണ്ടി ഓടിക്കാൻ ശ്രമിച്ചു. തിരിഞ്ഞു നോക്കിയപ്പോൾ ശഹീദ് മർഹൂം റോഡിൽ വീണു കിടക്കുന്നതാണ് കണ്ടത്. ഉടനെ വണ്ടി നിർത്തി അവന്റെ അടുത്ത് വന്നു. എന്നിട്ട് അവനെ എടുത്ത് വണ്ടിയിൽ കയറ്റി. മുറിവേറ്റിട്ടും സ്വയം വണ്ടിയോടിച്ച് ഹോസ്പിറ്റലിൽ കൊണ്ട് പോയി. അവിടെ എത്തിയപ്പോൾ സഅദ് ഫാറൂഖ് സാഹിബ് ശഹീദായി. اِنَّا لِلّٰہِ وَ اِنَّاۤ اِلَیۡہِ رٰجِعُوۡنَ ശഹീദ് മർഹൂം മൂസി ആയിരുന്നു. റബ്വ

യിൽ ഒക്ടോബർ21 ന് അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുകയുണ്ടായി.

ശഹീദ് മർഹൂമിന് തന്റെ കുടുംബത്തോട് വളരെ സ്നേഹബന്ധമായിരുന്നു. അദ്ദേഹത്തിന്റെ ഉമ്മ പറയുന്നു: രാത്രി ഉറങ്ങുന്നതിന് മുമ്പെ ഞങ്ങളുടെ റൂമിൽ വന്ന് എന്റെയും തന്റെ പിതാവിന്റെയും കാലുകൾ തടവിത്തരും, ചായ കുടിപ്പിക്കും, എ. സി. യുടെ ഊഷ്മാവ് ക്രമപ്പെടുത്തും. എന്നിട്ട് പോകാൻ അനുവാദം ചോദിക്കും. അനുസരണത്തിന്റെ എല്ലാ വശങ്ങളും പൂർത്തിയാക്കിയിരുന്നു. ഞങ്ങളുടെ ഒരു വാക്കും ഇന്നേ വരെ എതിർത്തിട്ടില്ല. അതുപോലെ മറുത്തൊന്നും പറഞ്ഞിട്ടില്ല. രക്തം ദാനം ചെയ്യാൻ വലിയ താത്പര്യമായിരുന്നു. മുഹല്ലയിലോ ജമാഅത്തിലോ ആർക്ക് രക്തം ആവശ്യമുണ്ടെങ്കിലും ആദ്യം സ്വയം സമർപ്പിക്കുമായിരുന്നു. ഉമ്മ പറയുന്നു. ഞാൻ തടയുമ്പോൾ പറയാറുള്ളത് ഉമ്മാ ! ഈ രക്തം ഏതായാലും ഒഴുകി പോകും, ഇത് ആർക്കെങ്കിലും പ്രയോജനപ്പെട്ടാൽ എത്ര നല്ലതാണ്. ഇദ്ദേഹത്തിന്റെ സഹോദരി ഡോ: സദാ ഫാറൂഖ് പറയുന്നു: ഞങ്ങൾ സഹോദരി സഹോദരന്മാർക്കിടയിൽ സുഹൃത്ത് ബന്ധമാണ് നിലനിന്നിരുന്നത്. ജനങ്ങൾ എന്നോട് പറയാറുള്ളത് നിന്റെ സഹോദരൻ ഈ ലോകത്ത് നിന്ന് തികച്ചും വ്യത്യസ്ഥനാണ്. ഇളയവനായിരുന്നിട്ടുകൂടി കുട്ടികളെപ്പോലെ എന്നെ പരിപാലിച്ചിരുന്നു. സ്വാത്തികനും സേവനതത്പരനുമായിരുന്നു. ഞങ്ങളുടെ ഹൃദയത്തിൽ മാത്രമല്ല അവനുമായി ആരെല്ലാം ഇടപഴകിയിട്ടുണ്ടോ അവരുടെ മനസ്സിലും അവൻ എപ്പോഴും ജീവിച്ചിരിക്കുന്നതാണ്. അല്ലാഹുതആല അവന്റെ ഖുർബാനി സ്വീകരിക്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ വിധവ പറയുന്നു: നിക്കാഹിന് ശേഷം ഫോണിൽ സംസാരിച്ചപ്പോൾ - അവൾ അമേരിക്കയിലായിരുന്നു - എന്നോട് പലപ്പോഴും പറഞ്ഞിട്ടുള്ളത് തനിക്ക് ശഹാദത്ത് ലഭിക്കുമാറാകട്ടെ എന്നാണ്.

ജമാഅത്തിന്റെ പ്രോഗ്രാമിൽ വളരെ താത്പര്യത്തോടെ പങ്കെടുത്തിരുന്നു. ഖുദ്ദാമുൽ അഹ്മദിയായുടെയും ജമാഅത്തിന്റെയും പ്രവർത്തനത്തിൽ കഴിയുന്നത്ര പങ്കാളിയായിട്ടുണ്ട്. ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യാ കറാച്ചി എഴുതുന്നു, ശഹീദ് പല ഗുണങ്ങളുടെയും ഉടമയായിരുന്നു. ഏറ്റവും കൂടുതലായി എനിക്ക് അനുഭവപ്പെട്ടത് അദ്ദേഹത്തിന്റെ വിനയമായിരുന്നു. ഞാൻ എപ്പോഴും കണ്ടിട്ടുള്ള ഒന്ന് അദ്ദേഹത്തോട് ഏതെങ്കിലും ജോലി ചെയ്യാൻ എപ്പോൾ പറഞ്ഞാലും വല്ല കാര്യവും അന്വേഷിച്ചാലും തല താഴ്ത്തിക്കൊണ്ട് ദൃഷ്ടി കീഴ്പ്പോട്ടാക്കി ഇത്രമാത്രമാണ് മറുപടി പറയാറ് **ജീ ഖാഇദ് സാഹിബ്. (അതേ ഖാഇദ് സാഹിബ്)** അദ്ദേഹത്തിന്റെ അനുസരണ നിലവാരം ഉന്നതമായിരുന്നു. ഖിലാഫത്തിന് വേണ്ടി തന്നെ തെണ്ടമാക്കുമായിരുന്നു. ഓരോ ഭാരവാഹിയെയും അവരുടെ സ്ഥാനത്തിന്റെ പേരിലാണ് വിളിച്ചിരുന്നത്. ഒരിക്കലും അവരുടെ പേര് വിളിക്കാറില്ല. കഴിഞ്ഞ ഒരു വർഷമായി വിനീതൻ ഒരു ബ്ലോക്കിന്റെ മേൽനോട്ടക്കാരനായി നിശ്ചയിച്ചിരുന്നു. ആ പ്രദേശത്ത് ശക്തമായ എതിർപ്പ് ഉണ്ടായിരുന്നു. ഈ ചെറുപ്രായത്തിലും അദ്ദേഹത്തിന്റെ ധൈര്യവും ആത്മാർത്ഥതയും ഉദാഹരിക്കാൻ കഴിയാത്തതാണ്. തന്റെ കീഴിലുള്ള മജ്‌ലിസുകളെ പലപ്പോഴായി സന്ദർശിക്കുമായിരുന്നു. ജോലിയെല്ലാം പൂർണ്ണമായി ചെയ്തിരുന്നു. രാത്രി വൈകിയാലും ജോലി പൂർത്തിയാക്കിയെന്ന് ഫോണിൽ വിളിച്ച് പറയുമായിരുന്നു. ഞാൻ അത്ഭുതപ്പെട്ടുകൊണ്ട് എപ്പോഴും പറയാറുള്ളത് താങ്കളുടെ പ്രദേശം അപകടം പിടിച്ചതാണ്, അതുകൊണ്ട് ശ്രദ്ധിക്കണം. ശഹീദിന്റെ ആവേശം അനന്യമായിരുന്നു. പ്രയാസമുള്ള അവസരങ്ങളിൽ മജ്‌ലിസിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിൽ അദ്ദേഹത്തിന്റെ നിസ്തുലമായ സഹകരണം എപ്പോഴും ലഭിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ പിതാവിനും പരിക്കുപറ്റിയിരുന്നു. അദ്ദേഹത്തിൽ നിന്നും മകൻ ശഹാദത്തായ വിവരം മറച്ചു വെക്കാൻ ശ്രമിച്ചു. അദ്ദേഹം ഹോസ്പിറ്റലിലായിരുന്നു. അദ്ദേഹം പറഞ്ഞു: ശഅദ് ശഹീദായിട്ടുണ്ടെന്ന് എനിക്കറിയാം. അവൻ ശഹീദായതിൽ എനിക്ക് ദു:ഖമില്ല. എന്റെ ശഹീദായ മകന്റെ മുഖം എനിക്കൊന്ന് കാണിച്ച് തന്നാലും. അങ്ങനെ അദ്ദേഹം തന്റെ ശഹീദായ മകന്റെ അടുത്ത് പോവുകയും അവന്റെ നെറ്റിത്തടത്ത് ഉമ്മ വെക്കുകയും അവനോട് വിട പറയുകയും ചെയ്തു.

ഈ ശഹീദിന്റെ പിതാവ്, സഹോദരി, മാതാവ് എന്നിവരെല്ലാം ഇങ്ങനെയുള്ള വികാരം ഉള്ളവരായിരിക്കെ ഇവരെ ശത്രുക്കൾക്ക് എന്ത് ചെയ്യാൻ സാധിക്കും. ശഹീദിന്റെ ഭാര്യാപിതാവും പരിക്കേറ്റു കിടക്കുകയാണ്. അതീവ ഗുരുതരമായ അവസ്ഥയിലാണുള്ളത്. തന്റെ മകളുടെ വിവാഹത്തിൽ പങ്കെടുക്കാൻ അമേരിക്കയിൽ നിന്നും വന്നതായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന് ശിഫാ നൽകുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ബശീർ അഹ്മദ് ഭട്ടി സാഹിബ് ബൽദിയ ടൗൺ കറാച്ചിയുടെതാണ്. ഒക്ടോബർ 23 നാണ് ഇദ്ദേഹം ശഹീദായത്. ഇന്നാലില്ലാഹ് إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇദ്ദേഹത്തിന്റെ ഉപ്പാപ്പ മിയാൻ അക്ബർ സാഹിബ് മുഖേനയാണ്. ഇദ്ദേഹത്തിന്റെ ഗ്രാമത്തിൽ നിന്ന് ഒരു സംഘം ആളുകൾ ഖാദിയാനിലേക്ക് പോയിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബയ്അത്ത് ചെയ്തു. അവർ തിരിച്ചുവന്നപ്പോൾ പലരും അവർ മുഖേന ബയ്അത്ത് ചെയ്യുകയുണ്ടായി. ഇതിൽ ശഹീദിന്റെ ഉപ്പാപ്പയും ഉൾപ്പെട്ടിരുന്നു. രാജോരി ചാർക്കോട് കാശ്മീരിലാണ് ഇവരുടെ തറവാട്. പിന്നീട് ബശീർ സാഹിബ് നാസിറാബാദിൽ വന്ന് കുറച്ച് കാലം താമസിച്ചു.

അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവം ഇപ്രകാരമാണ്. ബൽദിയാ ടൗണിലുള്ള തന്റെ കടയിൽ ഇരിക്കുകയായിരുന്നു. രാത്രി 9.30 ആയിരുന്നു സമയം. രണ്ട് ബൈക്ക് യാത്രക്കാർ വരികയും അതിലൊരാൾ അദ്ദേഹത്തെ 3 പ്രാവശ്യം വെടിവെക്കുകയുമുണ്ടായി. അതിൽ രണ്ട് വെടിയുണ്ട കഴുത്തിലും മറ്റൊന്ന് നെഞ്ചത്തും കൊണ്ടു. ഉടനെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും വഴിയിൽ വെച്ച് തന്നെ ശഹീദാവുകയുണ്ടായി إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ അദ്ദേഹത്തിന്റെ വയസ്സ് ഏകദേശം 67 ആയിരുന്നു. കശ്മീരിലാണ് ജനിച്ചത്. അക്ഷരാഭ്യാസമൊന്നും ഉണ്ടായിരുന്നില്ല. കൂലിവേല ചെയ്

താണ് ജീവിച്ചിരുന്നത്. 1984 ൽ കറാച്ചിയിലേക്ക് താമസം മാറ്റി. ഫാക്ടറികളിൽ ജോലി ചെയ്തുകൊണ്ടിരുന്നു. അതോടൊപ്പം വീടിനടുത്ത് ഒരു പലചരക്കു കട ഇട്ടിരുന്നു. മക്കളെയെല്ലാം വളരെ നല്ല രീതിയിൽ തർബിയ്യത്ത് ചെയ്തു. ഇദ്ദേഹത്തിന്റെ ഒരു പൗത്രൻ ഇമ്രാൻ നാസിർ സാഹിബ് കഴിഞ്ഞ വർഷം ജാമിഅ അഹ്മദിയായിൽ പഠനത്തിനായി പോയപ്പോൾ അദ്ദേഹം കുട്ടിക്ക് ദീനീ സേവനവുമായി ബന്ധപ്പെട്ട ഉപദേശം നൽകുകയുണ്ടായി. ജമാഅത്തിന്റെ നിസാമുമായി നല്ലതുപോലെ സഹകരിച്ചിരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹത്തിൽ അദ്ദേഹത്തിന്റെ ഹൃദയം ഇഴകിച്ചേർന്നിരുന്നു. ഭാര്യയെ കൂടാതെ രണ്ട് ആൺകുട്ടികളും മൂന്ന് പെൺ കുട്ടികളും ഇദ്ദേഹത്തിനുണ്ട്. അല്ലാഹു ഇവരെ എല്ലാവരെയും സംരക്ഷിക്കുമാറാകട്ടെ.

മൂന്നാമത്തെ ശഹാദത്ത് ഡോക്ടർ രാജാ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റേതാണ്. അബ്ദുൽ അസീസ് സാഹിബിന്റെ മകനാണ്. അറിവും പരിജ്ഞാനവുമുള്ള സയ്യിദ് റിബാ ബിസ്മിൽ സാഹിബ് ദാഈ ഇലല്ലാഹ് കറാച്ചി 1994 ൽ ഡോക്ടർ രാജാ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റെ പിതാവ് അബ്ദൽ അസീസ് സാഹിബുമായി ബന്ധപ്പെടുകയുണ്ടായി. പല ചോദ്യോത്തര സദസ്സുകളും സംഘടിപ്പിക്കുകയുണ്ടായി. അതിനുശേഷം 1994 ൽ തന്നെ ഡോക്ടർ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന് ബയ്അത്ത് ചെയ്ത് നൗ മുബാഈനിൽ അംഗമാകാൻ സൗഭാഗ്യം ലഭിച്ചു. കുറച്ച് കാലം കൂടി കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പിതാവും മാതാവും ബയ്അത്ത് ചെയ്യുകയുണ്ടായി.

ശഹീദ് മർഹൂമിന്റെ പൂർവ പിതാക്കൾ അഫ്ഗാനിസ്ഥാനിലെ ഒരു ഗോത്രത്തിലുള്ളവരാണ്. ശഹീദ് മർഹൂമിന്റെ ഉപ്പാപ്പ അബ്ദുൽ ഹമീദ് ഖാൻ സാഹിബ്, ഹൈദറാബാദ് ദക്കനിലെ നവാബിന്റെ ചീഫ് സിക്രട്ടറിയായിരുന്നു. ശഹീദ് മർഹൂം 1972 ലാണ് ജനിച്ചത്. ബൽദിയാ ടൗണിൽ തന്നെ ഇന്റർമീഡിയേറ്റ് വരെയുള്ള വിദ്യാഭ്യാസം കരസ്ഥമാക്കി. പിന്നീട് നേവിയിൽ ചേർന്ന് സിവിലിയൻ ഫോർമാനായി പ്രവേശിച്ചു. ഡോക്ടർ എന്ന് ഇദ്ദേഹത്തെ പറയാനുള്ള കാരണം പിതാവിനോടൊപ്പം ക്ലിനിക്കിൽ ഇദ്ദേഹവും ഇരിക്കാറുണ്ടായിരുന്നു. അവിടെ അൽപ്പം ചില്ലറ പ്രാക്ടീസൊക്കെ ചെയ്യും. നേവി ഡ്യൂട്ടിയിൽ നിന്നും തിരിച്ചുവന്നാൽ ക്ലിനിക്കിൽ വന്നിരിക്കും. 8.45 ന് രാത്രി ഒക്ടോബർ 23 ാം തിയ്യതി രണ്ട് ബൈക്ക് യാത്രികർ വരികയും ഒരാൾ ബൈക്കിൽ തന്നെ ഇരിക്കുകയും മറ്റൊരു വ്യക്തി ക്ലിനിക്കിൽ പ്രവേശിച്ച് പിസ്റ്റൾ ഉപയോഗിച്ച് മൂന്ന് പ്രാവശ്യം വെടിവെക്കുകയും ചെയ്തു. ഒരു വെടിയുണ്ട ഇടത്തെ കവിളിൽ തുളച്ച് വലതു ഭാഗത്തൂടെ പുറത്തേക്ക് പോയി. രണ്ടാമത്തെ വെടിയുണ്ട താടിക്ക് താഴെ പതിച്ചു. മൂന്നാമത്തെ വെടിയുണ്ട തോളിൽ ഏൽക്കുകയും അത് പുറം ഭാഗത്തുകൂടെ പുറത്തേക്ക് പോയി. ഇതു കാരണം അദ്ദേഹം സംഭവസ്ഥലത്ത് വെച്ചു തന്നെ ശഹീദാവുകയുണ്ടായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ. 1994 ലെ ബയ്അത്തായിരുന്നു. സിക്രട്ടറി തർബിയ്യത്ത് നൗ മുബായിഈൻ ആയി സേവനം ചെയ്തിരുന്നു. ദഅ്വത്തെ ഇല്ലലായുടെ ശുഅ്ബയിലെ നിഗ്രാൻ ആയിരുന്നു. നാസിം തർബിയ്യത്ത് നൗ മുബാഈനായി സേവനം അനുഷ്ഠിക്കുകയായിരുന്നു. സൽഗുണസമ്പന്നനായിരുന്നു. മുഖത്ത് എപ്പോഴും പുഞ്ചിരി നിലനിന്നിരുന്നു. പതുങ്ങിയ സ്വരത്തിലാണ് സംസാരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, വളരെയധികം എന്നെ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഭർത്താവായിരുന്നു അദ്ദേഹം. വാത്സല്യനിധിയായ പിതാവായിരുന്നു. ദീനീ സേവനവും ഖിലാഫത്തിനോടുള്ള അനുസരണവും സ്നേഹവും അദ്ദേഹത്തിന്റെ പ്രതേക ഗുണത്തിൽ പെട്ടതായിരുന്നു. ഭാര്യ പറയുന്നു, ബൽദിയാ ടൗണിൽ നടന്നു വരുന്ന ശഹാദത്തുകൾ കാരണമായി അവിടെ സംഘർഷം നിലനിന്നിരുന്നു. ശഹീദ് മർഹൂം ശഹാദത്തിന് ഒരു ദിവസം മുമ്പ് എന്നോട് പറഞ്ഞു; ചില അഹ്മദീ വീടുകൾ ഇപ്പോഴുള്ള അവസ്ഥ കാരണം ഇവിടെ നിന്നും വിട്ടുപോവുകയാണ്. ഇങ്ങനെ ചെയ്താൽ ശത്രുക്കൾ തങ്ങളുടെ പദ്ധതിയിൽ വിജയിക്കുകയല്ലെ ചെയ്യുക. എന്നിട്ട് ഗദ്ഗദത്തോടെ പറഞ്ഞു, ഞാൻ ഭയപ്പെടുന്നില്ല. എന്റെ ആഗ്രഹം അല്ലാഹുവിന്റെ വഴിയിൽ ശഹീദാകുകയെന്നാണ്. നിങ്ങൾ ഭയപ്പെടുന്നുണ്ടോ എന്ന് എന്നോട് ചോദിച്ചു. ഭാര്യ പറഞ്ഞു, ഞാൻ ഭയപ്പെടുന്നില്ല. നിങ്ങൾക്കും എനിക്കും ശഹാദത്ത് ലഭിച്ചെങ്കിൽ എന്നാണ് എന്റെ ആഗ്രഹം. ഭാര്യ എഴുതുന്നു, എനിക്ക് മൂന്ന് പെൺകുട്ടികളാണ്. ചെറുപ്രായത്തിലുള്ള കുട്ടികളാണ്. അല്ലാഹു അവർക്ക് ശോഭന ഭാവി നൽകാനായി ദുആ ചെയ്യുക. അല്ലാഹു അവരുടെ സഹായകനും സംരക്ഷകനുമായിത്തീരട്ടെ.

റിയാസ് അഹ്മദ് ബസ്റാ സാഹിബിന്റേതാണ് നാലാമത്തെ ശഹാദത്ത്. ചൗദരി മുനീർ അഹ്മദ് ബസ്റാ ഗട്ടിയാലിയാൻ ജില്ല സിയാൽ കോട്ടിയാണ് പിതാവ്. 18 -ാം തിയ്യതിയാണ് ശഹാദത്ത് നടന്നത്. ചൗദരി ഗുലാം റസൂൽ സാഹിബ് ബസ്റ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ചൗദരി ഗുലാം റസൂൽ സാഹിബ് ബസ്റയുടെ സന്താന പരമ്പരയിൽ പെട്ട ആളായിരുന്നു. ഗട്ടിയാലിയാന കലാനിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ ഗ്രാമത്തിൽ പരസ്പരം ശത്രുത നിലനിൽക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ മൂത്ത സഹോദരനെ മുമ്പ് ശഹീദാക്കിയിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബങ്ങളുടെ ശത്രുത നിലനിന്നിരുന്നു. എന്നാൽ ഇതിലൊന്നും ഇദ്ദേഹം നേരിട്ട് ഇടപ്പെട്ടിരുന്നില്ല എന്നാണ് മനസ്സിലാകുന്നത്. എന്നാൽ ജമാഅത്തിനു ചെയ്യുന്ന സേവനങ്ങളും അതിനോടുള്ള ബന്ധവും കാരണമായി ആ പ്രദേശത്തുള്ളവർ ഇദ്ദേഹത്തിന്റെ എതിരായിരുന്നു. പ്രത്യേകിച്ച് പുതുതായി ആ പ്രദേശത്ത് വന്ന ചില മൗലവിമാർ ഇദ്ദേഹത്തിന്റെ ശത്രുക്കളെ ഇളക്കിവിടുകയും വ്യക്തിപരമായ ശത്രുതയെ മതത്തിന്റെ പേരിലാക്കി അദ്ദേഹത്തെ വധിക്കുകയാണെങ്കിൽ ആരും ചോദിക്കുകയില്ല, ചോദിച്ചാൽ ഖാദിയാനിയാണ് അതുകൊണ്ട് ഞങ്ങൾ കൊന്നതാണെന്ന് പറഞ്ഞാൽ മതി എന്ന് പറഞ്ഞ് ഇളക്കിവിട്ടു. ഏതായിരുന്നാലും ഒക്ടോബർ 12 ന് വ്യയാഴ്ച ഇശാഅ് നമസ്കരിച്ചതിനു ശേഷം അദ്ദേഹം ഡ്യൂട്ടി നൽകുന്ന ഖാദിമിങ്ങളോടൊപ്പം ഇരുന്നു. അതിനു ശേഷം വീട്ടിലേക്ക് പോകുകയായിരുന്നു. വഴിയിൽ അജ്ഞരായ ചിലർ പിടിച്ച് വെടിവെച്ചു. ഇതു

കാരണം വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

ജമാഅത്തിന്റെ പ്രവർത്തനത്തിൽ വളരെ സജീവമായിരുന്നു. 4 വർഷം ഖാഇദ് മജ്‌ലിസ് ഘട്ടിയാലിയാൻ ആയി സേവനമനുഷ്ഠിച്ചു. 6 വർഷം വരെ ഉമൂമിയായി പ്രവർത്തിച്ചു. സിക്രട്ടറി ഉമ്മൂറെ ആമ ഘട്ടിയാലിയാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജമാഅത്തിനോട് നല്ല സ്നേഹമുള്ള ആളായിരുന്നു. നിസാമെ ജമാഅത്തിനെ നല്ല രീതിയിൽ അനുസരിച്ചിരുന്നു. ഖിലാഫത്തിനോട് സ്നേഹമുള്ള ആളും ആവേശമുള്ള ആളുമായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നൽകുമാറാകട്ടെ. കുട്ടികൾക്ക് ക്ഷമയും ധൈര്യവും നൽകുമാറാകട്ടെ.

ശുഹദാക്കളെ കുറിച്ചാണ് ഇതുവരെ പരാമർശിച്ചത്. ഇതു കൂടാതെ രണ്ട് ജനാസ കൂടി നമസ്കരിക്കുന്നതാണ്. ഈ ശുഹദാക്കളോടൊപ്പം ഇവരുടെ ജനാസ ഗാഇബും നമസ്കരിക്കുന്നതാണ്.

ഒന്ന് അബ്ദുറഹിമാൻ അൽ ജവാലി സാഹിബ് സഊദി അറബ്. നൗ മുബാഈനായിരുന്നു. ഹാർട്ട് അറ്റാക്ക് മുഖേനയാണ് വഫാത്തായത്. 47 വയസ്സായിരുന്നു إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

2010 ൽ ജൽസാ സാലാന ബ്രിട്ടനിൽ വന്നിരുന്നു. നിശബ്ദ പ്രകൃതനും കാര്യങ്ങളെല്ലാം ചിന്തിച്ച് മനസ്സിലാക്കുന്ന ആളുമായിരുന്നു. അഹ്മദിയ്യത്തിന്റെ പുരോഗതിയിൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശം അദ്ദേഹത്തിന്റെ നാട്ടിൽ സ്വീകരിക്കപ്പെ ടുന്നുണ്ടെന്ന് പറയുമായിരുന്നു. അഹ്മദിയ്യത്ത് മാത്രമാണ് അവരുടെ ഏക രക്ഷാമാർഗ്ഗം എന്നും പറഞ്ഞിരുന്നു. ചെറുപ്പത്തിൽ തന്നെ സത്യാന്വേഷിയായിരുന്നു. ഇദ്ദേഹത്തിന്റെ ജീവിത്തതിൽ സാധാരണക്കാരിൽ നിന്നും വ്യത്യസ്ഥമായ പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന് അവസാനം അഹ്മദിയ്യത്ത് എന്ന അനുഗ്രഹം ലഭിച്ചു. ഇദ്ദേഹത്തിന്റെ വിശ്വാസം സുദൃഢമായിരുന്നു. വീട്ടിലും പുറത്തും കാണുന്നവരെയൊക്കെ തബ്‌ലീഗ് ചെയ്യുമായിരുന്നു. കഴിഞ്ഞ രണ്ട് വർഷമായി പറയുന്നു, ഇവരെ ഇനി തബ്‌ലീഗ് ചെയ്യേണ്ട കാര്യമില്ല. അഹ്മദിയ്യത്തിനെക്കുറിച്ച് ഇവർക്കെല്ലാം അറിയാം. എന്നാൽ സ്വീകരിക്കാനുള്ള ധൈര്യം കാണിക്കുന്നില്ല. ഇനി ഇവരുടെ കാര്യം അല്ലാഹുവിന് വിടാം. ഇവിടെ വന്നപ്പോഴും വളരെ ആത്മാർത്ഥതയും കൂറും പ്രകടിപ്പിക്കുകയുണ്ടായി. സൗദി അറേബ്യയിലെ തന്നെ ഒരു നൗ മുബായിഅ് ഇദ്ദേഹത്തെക്കുറിച്ച് എഴുതുന്നു; നമ്മുടെ സഹോദരൻ അബ്ദുർറഹ്മാന് ഒരു രോഗവും ഉണ്ടായിരുന്നില്ല. ഹൃദയ സ്തംഭനം മൂലം പെട്ടെന്ന് വഫാത്താകുകയാണുണ്ടായത്. സർവ്വർക്കും പ്രിയപ്പെട്ട ആളായിരുന്നു അദ്ദേഹമെന്ന് ഞങ്ങൾ സാക്ഷ്യം പറയുന്നു. സദ്സ്വഭാവിയും സംതൃപ്തനും എപ്പോഴും ദൈവസ്മരണയിലും സ്വലാത്ത് ചൊല്ലുന്നതിലും മുഴുകിയിരിക്കുന്ന ആളുമായിരുന്നു. ലോകം അദ്ദേഹത്തിന്റെ മുന്നിൽ ഒന്നുമല്ലായിരുന്നു. ദരിദ്രരെ സഹായിച്ചിരുന്നു. സ്വദഖകൾ നൽകിയിരുന്നു. ബയ്അത്തിന് ശേഷം ഇദ്ദേഹത്തിന്റെ ഹൃദയം ഭൗതികതയിൽ നിന്നും പൂർണ്ണമായും മുക്തി കൈവരിച്ചു.

രണ്ടാമത്തെ ജനാസ ഇസ്സത്ത് അബ്ദുസ്സമീഅ് മുഹമ്മദ് ജലാൽ സാഹിബ് മിസ്റിന്റെതാണ്. 11 ഒക്ടോബറിലാണ് വഫാത്തായത്. ഖാലിദ് സാഹിബ് മിസ്റിന്റെ പിതാവായിരുന്നു. ഖാലിദ് സാഹിബ് എഴുതുന്നു, എന്റെ പിതാവ് ഇസ്സത്ത് അബ്ദുസ്സമീഅ് സാഹിബ് ഒക്ടോബർ 11 ന് വഫാത്തായി. എന്റെ മാതാപിതാക്കൾ തുടക്കത്തിൽ ജമാഅത്തിനെ എതിർത്തിരുന്നു. എന്നാൽ എന്റെ കഠിന ശത്രുവായ സഹോദരൻ മുഹമ്മദുമായി സത്യസാക്ഷ്യ വിഷയത്തിൽ ചർച്ച നടക്കുമ്പോൾ അത് കേട്ട് പറഞ്ഞു, ഞങ്ങൾ രണ്ട് പേരും നിങ്ങളെപ്പോലെയുള്ള മുസ്‌ലിംകളാണ്. ബയ്അത്ത് ഫോറം പൂരിപ്പിക്കേണ്ട കാര്യമില്ല. 2009 ൽ പിതാവിന്റെ തോളെല്ല് പൊട്ടി. അപ്പോൾ എന്റെ അടുത്ത് താമസിക്കാൻ അവസരം ലഭിച്ചു. ഈ അവസരത്തിൽ എം.ടി.എ കാണുമായിരുന്നു. എന്നെ കാണാൻ വരുന്ന അഹ്മദികളുമായി പരിചയപ്പെടുമായിരുന്നു. ഇങ്ങനെ തൃപ്തി കൈവന്ന ശേഷം 2010 ൽ ബയ്അത്ത് ചെയ്തു. സ്വാത്തികനും തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന ആളുമായിരുന്നു. കുട്ടികൾക്ക് ശരിയായ മാർഗം കാണിച്ചുകൊടുത്തു. തിരുനബി (സ) യോടുള്ള സ്നേഹവും സുന്നത്തിനെ പിൻപറ്റലും പഠിപ്പിച്ചു. 1998 ൽ ആദ്യമായി അദ്ദേഹത്തിന്റെ കൂടെ ഞങ്ങൾ ഹജ്ജ് ചെയ്തു. അപ്പോൾ ഞാൻ അഹ്മദി ആയിക്കയിഞ്ഞിരുന്നു. അല്ലാഹു അവരുടെ പദവികൾ ഉയർത്തട്ടെ. മക്കളെക്കുറിച്ചും പ്രദേശ വാസികളെക്കുറിച്ചുമുള്ള ഇവരുടെ സദുദ്ദേശ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യട്ടെ.

**PRINTED BOOKS**

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 October 26 at : Baitul Futuh London
Translation: M. Nasir Ahmad Kodiyathur 9497343704

Typing: A.T.Nasrudheen , M.P.Tahir Ahmad & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**